**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6090 | 02.04.2018 ൽ മറുപടിക്ക്

## കെൽപാമിൽ പുതിയ പദ്ധതികൾ

**ചോദ്യം**

ശ്രീ.കെ. ആൻസലൻ

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കൊറ്റാമത്ത് പ്രവർത്തിക്കുന്ന കെൽപാമിന് 2017-18-ൽ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒരു കോടി രൂപ നൽകുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; കെൽപാമിൽ നിന്നും ഒരു കോടി രൂപയുടെ ഡി.പി.ആർ ലഭിച്ചതിന് ശേഷമുള്ള നടപടികൾ വിശദമാക്കുമോ;

**ഉത്തരം**

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

(എ) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കെൽപാമിന് ഒരു കോടി രൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിരുന്നു. ഇതു പ്രകാരം കെൽപാം തയ്യാറാക്കി സമർപ്പിച്ച "Setting up of Jaggery Manufacturing Unit" എന്ന പ്രൊജക്ട് പ്രൊപ്പോസൽ വ്യവസായ വാണിജ്യ ഡയറക്ടർ ശുപാർശയോടുകൂടി സർക്കാരിൽ സമർപ്പിക്കുകയും ആയത് 22.11.2017 ൽ ചേർന്ന ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിശോധിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിക്കായി ഒരു കോടി മുടക്കിയാൽ 1.85 ലക്ഷം മാത്രമേ മാർജിൻ ലഭിക്കുകയുള്ളുവെന്ന് പദ്ധതിയുടെ ന്യൂനതയായി ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗം നിരീക്ഷിക്കുകയും പദ്ധതി നിരാകരിക്കുകയും ചെയ്തിരുന്നു.

തുടർന്ന് കെൽപാം സമർപ്പിച്ച മറ്റൊരു പ്രൊജക്ട് പ്രൊപ്പോസൽ വ്യവസായ വാണിജ്യ ഡയറക്ടർ ശുപാർശയോടു കൂടി സർക്കാരിൽ സമർപ്പിക്കുകയും ആയത് 07.03.2018 ൽ കൂടിയ ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ പരിഗണനക്കായി സമർപ്പിക്കുയും ചെയ്തിരുന്നു. കെൽപാമിന് ഒരു കോടിരൂപയുടെ ധനസഹായം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇതിനുള്ള ഫണ്ട് ബഡ്ജറ്റിൽ ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതി നടത്തിപ്പിനായുള്ള ഫണ്ട് റീ-അപ്രോപ്രിയേഷൻ വഴി കണ്ടെത്തിയ ശേഷം ഈ പദ്ധതി പരിശോധിക്കുവാൻ ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗം തീരുമാനിക്കുയും ആയതനുസരിച്ച് വ്യവസായ വാണിജ്യ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| | കെൽപാം സമർപ്പിച്ച പനവ്യവസായ മേഖലയിലെ ക്ലസ്റ്റർ വികസന പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷത്തിൽ 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതാണ്. |
| (ബി) 2017-18-ൽ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച ഒരു കോടി രൂപ കെൽപാമിന് നൽകുന്നതിന് നിലവിൽ ഉള്ള തടസ്സങ്ങൾ എന്താണ് എന്ന് വ്യക്തമാക്കുമോ; | (ബി) കെൽപാമിന് ഒരു കോടിരൂപയുടെ ധനസഹായം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇതിനുള്ള ഫണ്ട് ബഡ്ജറ്റിൽ ലഭ്യമാകാത്ത സാഹചര്യത്തിൽ റീ-അപ്രോപ്രിയേഷൻ വഴി ഫണ്ട് ഉറപ്പുവരുത്തിയ ശേഷം പ്രൊപ്പോസൽ വീണ്ടും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാനാണ് 07.03.2018 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം നിർദ്ദേശിച്ചിരുന്നത്. സാമ്പത്തിക വർഷാവസാനമായതിനാൽ വീണ്ടും വർക്കിംഗ് ഗ്രൂപ്പ് യോഗം കൂടാനുള്ള സാഹചര്യമില്ലാത്തതിനാലും വിഭവലഭ്യതയുടെ പരിമിതിമൂലവും ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (സി) കെൽപാമിൽ വ്യവസായ വകുപ്പ് നടപ്പിൽ വരുത്തുന്ന പുതിയ പദ്ധതികൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ; | (സി) 2018-19 വർഷത്തെ ബഡ്ജറ്റിൽ കരകൗശല മേഖലയിലെ സംസ്ഥാന തല സ്ഥാപനങ്ങൾക്കുള്ള ധനസഹായ പദ്ധതി പ്രകാരം കെൽപാമിന് 25 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് പന-അനുബന്ധ വ്യവസായ മേഖലയിലെ ക്ലസ്റ്റർ വികസനം, കെൽപാമിന്റെ ഉടമസ്ഥതയിൽ പെറ്റ് ബോട്ടിൽ നിർമ്മാണ പ്ലാന്റ് എന്നിവ കെൽപാമിന് നടപ്പിൽ വരുത്താവുന്നതാണ്. കൂടാതെ പൊതുസേവനകേന്ദ്രം ആരംഭിക്കുന്നതിനായി 25 ലക്ഷം രൂപ കെൽപാമിന് ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ട് |
| (ഡി) 2017-18-ലെ ബജറ്റിൽ അനുവദിച്ച തുക 2018 മെയ് മാസത്തിൽ നൽകാൻ കഴിയുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഡി) 2017-18 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷം വിനിയോഗിക്കുവാൻ അനുമതി നൽകാറില്ല. എന്നാൽ പ്രസ്തുത തുക e-LAMS ൽ പോസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ വിനിയോഗിക്കാനാകും. |

സെക്ഷൻ ഓഫീസർ